പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 46 — 19.03.2013 -ൽ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി.യെ നഷ്ടത്തിൽ നിന്നും രക്ഷിക്കാൻ നടപടി

**ചോദ്യം**

ശ്രീ. കെ. എം. ഷാജി :
" ടി. എ. അഹമ്മദ് കബീർ :
" എം. ഉമ്മർ :
" സി. മമ്മൂട്ടി :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. നഷ്ടത്തിലാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി. ക്ക് പ്രതിമാസം വരവും ചെലവും തമ്മിൽ 75 കോടി രൂപയുടെ അന്തരമാണുണ്ടായിരുന്നത്. 18.01.2013 മുതൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ ഉണ്ടായ ഡീസലിന്റെ അമിത വില വർദ്ധനവ് കൂടി കണക്കാക്കുമ്പോൾ 94 കോടി രൂപയായി ഇത് വർദ്ധിച്ചിട്ടുണ്ട്.<br>1984 മുതൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും സർക്കാർ ജീവനക്കാരുടേതിന് തുല്യമായി പെൻഷൻ ഏർപ്പെടുത്തുകയും ടി നടപടി മൂലം റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ നൽകേണ്ട സ്ഥിതി വിശേഷം ഉണ്ടാകുകയും ചെയ്തു. ആയതിലേക്ക് വേണ്ടത്ര പണം ലഭ്യമല്ലാത്തതിനാൽ, കെ.എസ്.ആർ.ടി.സി.യ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വൻ തോതിൽ വായ്പ എടുക്കേണ്ടി വന്നു. തൻമൂലമുണ്ടായ വായ്പ തിരിച്ചടവിലും, പലിശയിനത്തിലും പെൻഷനിനത്തിലും നൽകേണ്ടി വരുന്ന തുകയാണ് കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അന്തരം.<br>മേൽ കാരണങ്ങൾ ഒഴിവാക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി പ്രവർത്തന നഷ്ട ത്തിലല്ല. |
| (ബി) | ജീവനക്കാരുടെ നിയമനം, പ്രൊമോഷൻ എന്നിവയിൽ സാങ്കേതിക പരിജ്ഞാനത്തിനോ കഴിവിനോ എന്തെങ്കിലും മുൻഗ ണന നൽകാറുണ്ടോ ; എങ്കിൽ അതുൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ബി) | ജീവനക്കാരുടെയും, ഓഫീസർമാരുടെയും നിയമനത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ യോഗ്യതയ്ക്കും, സാങ്കേതിക പരിജ്ഞാന ത്തിനും മുൻഗണന നൽകി നിയമനങ്ങൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി റഗുലേഷനിൽ (സ്പെഷ്യൽ റൂൾസ്) വേണ്ടത്ര ഭേദഗതി വരുത്തിയിട്ടുണ്ട്. എ.ടി.ഒ, എ.ഒ, എ.ഡി.ഇ, കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, ബ്ലാക്ക്സ്മിത്ത്, ജൂനിയർ അസിസ്റ്റന്റ്, എൽ.ഡി. ടൈപ്പിസ്റ്റ് മുതലായ ഒട്ടുമിക്ക തസ്തികകളുടെയും റെഗുലേഷനിൽ ഇത്തരത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | സ്വകാര്യ ഗതാഗതമേഖലകൾ, പ്രതിസന്ധികൾ നേരിട്ടിട്ടുപോലും ലാഭമുണ്ടാക്കുമ്പോൾ, എല്ലാ സൗകര്യങ്ങളും പരിഗണനയുമുള്ള കെ. എസ്. ആർ. ടി. സി. നഷ്ടം മാത്രം വരുത്തുന്നതിന്റെ കാരണം കണ്ടെത്തി ഈ സ്ഥാപനത്തെ രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പെൻഷൻ ബാദ്ധ്യതയും, കാലാകാല ങ്ങളിൽ എടുത്തിട്ടുള്ള ലോൺ തിരിച്ചടവ് ബാദ്ധ്യതയും, ഇപ്പോൾ ഉണ്ടായിട്ടുള്ള ഡീസലിന്റെ അമിത വില വർദ്ധനവുമാണ് സ്വകാര്യ ഗതാഗത മേഖലയിൽ നിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടാക്കുന്നത്. ഈ ബാദ്ധ്യതകൾ ഒഴിവാക്കാനായാൽ, കെ.എസ്.ആർ.ടി.സി. ക്ക് പ്രവർത്തന ലാഭം ഉണ്ടാകും. |

സെക്ഷൻ ഓഫീസർ